**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**<u>തൊഴിലുറപ്പ് പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3189 — **19-06-2018-ൽ** മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ജോൺ ഫെർണാണ്ടസ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | 2017-2018 സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാ ക്കാമോ; | (എ) | 2017-18 സാമ്പത്തിക വർഷം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 619.59 ലക്ഷം തൊഴിൽ ദിനങ്ങളും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരം 8,46,432 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഇതിലേക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും കുടിശ്ശികയായി ട്ടുള്ളതെത്രയെന്നും വിശദമാക്കാമോ; | (ബി) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. 2017-18 സാമ്പത്തിക വർഷം അവിദഗ്ധ വേതനയിനത്തിൽ 258/- രൂപ നിരക്കിൽ 450 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നത്. എന്നാൽ 2017-18 സാമ്പത്തിക വർഷം സംസ്ഥാനം 619.59 ലക്ഷം തൊഴിൽദിനങ്ങളാണ് സൃഷ്ടിച്ചത്. ഇത് കേന്ദ്ര എംപവേർഡ് കമ്മിറ്റി അംഗീകരിച്ച ലേബർ ബഡ്ജറ്റിന് ആനുപാതികമായി കണക്കെടുക്കുമ്പോൾ 137.69 ശതമാനം നേട്ടമാണ്. 619.59 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് 190819.38 ലക്ഷം രൂപയാണ് 2017-18 സാമ്പത്തിക വർഷം ആകെ ചെലവായത്. 2017-18 സാമ്പത്തിക വർഷം ആകെ ചെലവായ 190819.38 ലക്ഷം രൂപയിൽ അവിദഗ്ധ കായിക വേതനയിനത്തിൽ 744.47 ലക്ഷം രൂപ കുടിശ്ശികയുണ്ടായിരുന്നു. ടി കുടിശ്ശിക തീർക്കുന്നതിനുള്ള ഫണ്ട് 25.04.2018-ന് ലഭിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ 25.10 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. പ്രസ്തുത തുക പൂർണ്ണമായും പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ കുടിശ്ശിക ഇനത്തിൽ തുക ഒന്നും തന്നെ നൽകുവാനില്ല. |
| (സി) | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന തൊഴിലിനങ്ങളിൽ വരുത്തിയ മാറ്റങ്ങൾ മൂലം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടി ട്ടുണ്ടോ; | (സി) യും (ഡി) യും | കേന്ദ്ര സർക്കാർ 2014 ജനുവരി മാസം 3-ാം തീയതി പദ്ധതിയിലെ പട്ടിക ഒന്ന് , രണ്ട് എന്നിവ ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2014 ജനുവരി മാസം 3-ാം തീയതി നിയമത്തിന്റെ I &II പട്ടികകളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ പ്രകാരം 100 ദിവസം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം നാട്ടിൻപുറങ്ങളിൽ ഈടുറ്റതും ഉൽപാദനപരവുമായ ആസ്തികൾ സൃഷ്ടിക്കേണ്ടതുമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള കാലഘട്ടങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നത് ഒട്ടും കുറയ്ക്കാതെ സ്ഥായിയായ ആസ്തികളുടെ നിർമ്മാണവും പ്രധാന ലക്ഷ്യമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചതാണ് കേന്ദ്രസർക്കാർ മാർഗ്ഗരേഖയിലെ പ്രധാനപ്പെട്ട വിഷയം. കേരളത്തിൽ പൊതുഭൂമി കുറവായതും സ്വകാര്യ ഭൂമി തുണ്ടുകളായി തിരിച്ച അവസ്ഥയിലുമായതിനാൽ പൊതുപ്രവൃത്തികൾ കൂടുതലായി ഏറ്റെടുക്കുന്നതിന് തടസ്സം കണ്ടു വരുന്നു. ഇതിന് പ്രതിവിധിയായി സ്വകാര്യ ഭൂമിയിലും പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സഹായകകരമായ രീതിയിൽ നീർത്തട മാസ്റ്റർ പ്ലാനുകൾക്ക് അംഗീകാരം നൽകി ആയവയുടെ അടിസ്ഥാനത്തിൽ പ്രവർത്തനം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ സംസ്ഥാനത്ത് മണ്ണ്-ജലസംരക്ഷണ പ്രവൃത്തികളായ കുളം നിർമ്മിക്കൽ, പുനരുദ്ധാരണം, മഴക്കുഴികൾ, തട്ട് തിരിക്കൽ |
| (ഡി) | ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്ത മാക്കാമോ? | | |

| | | | |
|---|---|---|---|
| | | | മുതലായവ ഏറ്റെടുക്കുന്നത് മൂലം പദ്ധതിയിലെ ഗുണഭോക്താക്കളുടെ ആവശ്യാനുസരണം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**